# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3703 19.02.2013 - ൽ മറുപടിക്ക്**

## ഹൗസ്ബോട്ട് ദുരന്തങ്ങൾ തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ : | | | കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | 2013 ജനുവരി 26-ന് ആലപ്പുഴയിൽ ഉണ്ടായ ഹൗസ് ബോട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ അപകടകാരണം വിശദമാക്കുമോ; | (എ) | നടത്തിയിട്ടുണ്ട്. ഹൗസ്ബോട്ട് ജട്ടിയിൽ അടുപ്പിച്ചതിനുശേഷം യാത്രക്കാരെ കയറ്റുന്നതിനു പകരം, യാത്രക്കാർ മറ്റൊരു ബോട്ടിലൂടെ, യാത്രപോകേണ്ട ഹൗസ്ബോട്ടിൽ കൂട്ടത്തോടെ കയറിയതാണ് ബോട്ട് മുങ്ങി അപകടം ഉണ്ടാകാൻ കാരണം. |
| (ബി) | ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ? | (ബി) | കെ.ഐ.വി റൂൾ 2010-ലെ ചട്ടങ്ങൾക്ക് വിധേയമാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നത്. മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നി ശമന ഉപകരണങ്ങൾ, സ്റ്റബിലിറ്റി ബുക്കുകൾ, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ്, കോമ്പറ്റൻസി സർട്ടിഫിക്കറ്റുള്ള ജീവനക്കാർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രം ജലവാഹനം രജിസ്റ്റർ ചെയ്തു കൊടുക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങളിൽ |

----2

സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ സൂക്ഷിക്കേണ്ടത് നിർബന്ധമാണ്. സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയുടെ കാലാവധി ഒരു വർഷമാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങൾ വർഷാവർഷം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ പുതുക്കേണ്ടതുണ്ട്. കൂടാതെ മിന്നൽ പരിശോധനകളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ അനുശാസിക്കുന്നവിധം ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്താറുണ്ട്. കെ.ഐ.വി റൂൾ 2010 ചട്ടം നടപ്പിൽ വരുത്തുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് എക്സാമിനർ, ചീഫ് സർവ്വേയർ, സർവ്വേയർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (സി) | ഹൗസ് ബോട്ടുകളിൽ യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ